**<u>തിരുവനന്തപുരം ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സിലെ</u>**
**<u>സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ഉത്തരവ്</u>**

**പുറപ്പെടുവിക്കുന്നത് : സൂസൻ ഗോപി.**

വിഷയം: വനം വകുപ്പ് - ജീവനക്കാര്യം - അറ്റൻഡർ ഗ്രേഡ് - II തസ്തികയിലേക്ക് തസ്തികമാറ്റം വഴി ഓഫീസ് അറ്റൻഡന്റുമാരെ നിയമിച്ചുകൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവ് - സംബന്ധിച്ച്.

സൂചന:
1. ഈ ഓഫീസിലെ 03.10.2018-ലെ ഇ2-16/2013-൦ം നമ്പർ കത്ത്.
2. 25.10.2018-ലെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ (ടിംബർ സെയിൽസ്), പുനലൂരിന്റെ റ്റി.എസ്.പി1-15813/16 നമ്പർ കത്തിനോടൊപ്പമുള്ള ശ്രീമതി.ഷീജ.പി.റ്റി.യുടെ അപേക്ഷ.

**<u>ഉത്തരവ് നമ്പർ ഇ2-16/13 തീയതി, 05-11-2018.</u>**

അരിപ്പ ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ അറ്റൻഡർ ഗ്രേഡ്-II തസ്തികയിൽ ഉണ്ടായ ഒഴിവിലേക്ക് തസ്തികമാറ്റം വഴി നിയമനം ലഭിക്കുവാൻ താൽപര്യവും യോഗ്യതയുമുള്ള ഓഫീസ് അറ്റൻഡന്റുമാരിൽ നിന്നും സൂചന (1) പ്രകാരം അപേക്ഷ ക്ഷണിച്ചിരുന്നു.

മേൽ പറഞ്ഞ ഒഴിവുകളിലേയ്ക്ക് ലഭ്യമായ അപേക്ഷകൾ പരിശോധിച്ചതിൽ അറ്റൻഡർ ഗ്രേഡ്-II തസ്തികയിലേക്ക് തസ്തികമാറ്റം വഴി നിയമനം ലഭിക്കുന്നതിന് ചട്ടപ്രകാരം നിശ്ചയിച്ചിട്ടുള്ള യോഗ്യതയുടെയും സീനിയോറിറ്റിയുടേയും അടിസ്ഥാനത്തിൽ പുനലൂർ (ടിംബർ സെയിൽസ്) ഡിവിഷനിൽ ജോലി ചെയ്യുന്ന ശ്രീമതി.ഷീജ.പി.റ്റി. അർഹയാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ശ്രീമതി.ഷീജ.പി.റ്റി., ഓഫീസ് അറ്റൻഡന്റിന് 17000-37500 രൂപ ശമ്പളസ്കെയിലിൽ അറ്റൻഡറായി തസ്തികമാറ്റം അനുവദിച്ചുകൊണ്ടും ടിയാൾക്ക് അരിപ്പ ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫീസിൽ നിയമനം നൽകിക്കൊണ്ടും ഉത്തരവാകുന്നു.

മേൽപ്പറഞ്ഞ ഓഫീസ് അറ്റൻഡന്റിന് മേൽ വിവരിച്ച ശമ്പളസ്കെയിലിൽ സമയബന്ധിത ഹയർ ഗ്രേഡ്/റേഷ്യോ പ്രൊമോഷൻ ലഭിച്ചിട്ടുണ്ടെങ്കിൽ തസ്തികമാറ്റം വഴിയുള്ള ശമ്പളനിർണ്ണയത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

ശ്രീമതി.ഷീജ.പി.റ്റി., ഓഫീസ് അറ്റൻഡന്റിന് മേലധികാരി മുഖേന നൽകുന്നു.

പകർപ്പ്:
1. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്.
2. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (എഫ്.എം.ഐ.എസ്) - വനം വകുപ്പ് വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിലേയ്ക്ക്.
3. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ (ടിംബർ സെയിൽസ്), പുനലൂർ.
4. ഡയറക്ടർ, സ്റ്റേറ്റ് ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, അരിപ്പ.